തുഞ്ചത്തെഴുത്തച്ഛൻ

## മലയാളസർവകലാശാല

### ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ

### ജൂൺ - 2022

# MU CHS 4102

## എം. എ. മലയാളം (സംസ്കാരപൈതൃകം)

# പ്രാചീന-മധ്യകാലമലയാളസാഹിത്യം

സമയം: 3 മണിക്കൂർ        മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പൊട്ടൻ തെയ്യം
2. പാട്ട് പ്രസ്ഥാനം
3. സന്ദേശകാവ്യങ്ങൾ
4. മാപ്പിളപ്പാട്ടുകൾ
5. ഭാഷാകൗടലീയം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. "ഇരിക്കയില്ലടലിൽ വെന്റിയെന്റുമൊക്കൊരുപുറത്തേ, യൊരിക്കൽ മാറ്റാരെ വെല്ലാമൊരു നരപതിക്കുപോരിൽ കരുത്തരായ് വരുമൊരിക്കൽ-കരുതലരവനെ വെൽവാൻ തിരിക്കരുതിവണ്ണമെന്റേ തെയ്‌വം തന്നിലൈകളൊന്റും" - വ്യാഖ്യാനിക്കുക.
7. *"കാളംപോലെ കുസുമധരംഷോ ഹന്ത! പൂങ്കോഴി കൂകി..."* സാരസ്യം പരിശോധിക്കുക.
8. *'ഉദയഗിരിശിരസി രവിയും പ്രവേശിച്ചിതു*
   *ചാരുലങ്കാഗോപുരാഗ്രേ കപീന്ദ്രനും'*

   - പൊരുൾ സംഗ്രഹിക്കുക.
9. 'കൃഷ്ണഗാഥ' തെളിമലയാളകൃതിയാണെന്ന വാദം പരിശോധിക്കുക.
10. ജ്ഞാനപ്പാനയിലെ ഭക്തിയുടെ സവിശേഷത സംക്ഷേപിക്കുക.



11. നമ്പ്യാരുടെ മൗലികത പാഠഭാഗം മുൻനിർത്തി സംഗ്രഹിക്കുക.
12. ബദറുൻ മുനീർ - ഭാഷാചരിത്രപ്രാധാന്യമെന്ത്?
13. ഭാഷാസംക്രമവാദം - വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. നമ്പ്യാന്തമിഴിന്റെ ഭാഷാഗദ്യചരിത്രപ്രാധാന്യം മാതൃകകൾ മുൻനിർത്തി ചർച്ച ചെയ്യുക.

15 നാടൻപാട്ടു സാഹിത്യത്തിന്റെ സവിശേഷതകൾ സോദാഹരണം പരിശോധിക്കുക.

16 തുഞ്ചന്റെയും പൂന്താനത്തിന്റെയും കാവ്യശൈലികൾ താരതമ്യാത്മകം വിലയിരുത്തുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU CHS 4103

**എം. എ. മലയാളം**
**(സംസ്കാരപൈതൃകം)**

# കേരളസംസ്കാരം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കർപ്പ് എന്നാൽ എന്ത്?
2. സ്വരൂപം എന്നാൽ എന്ത്?
3. ചവിട്ടുനാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
4. കേരളത്തിലെ നവോത്ഥാനസമരത്തിൽ ആറാട്ടുപുഴ വേലായുധപ്പണിക്കർ നൽകിയ സംഭാവനകൾ സംഗ്രഹിക്കുക.
5. വടക്കൻ പാട്ടിനെ പരിചയപ്പെടുത്തുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ടിപ്പുസുൽത്താന്റെ കേരളത്തിലെ ഭരണപരിഷ്കാരങ്ങളെ വിലയിരുത്തുക.
7. ഐക്യകേരള പ്രസ്ഥാനത്തെപ്പറ്റി കുറിപ്പെഴുതുക.
8. പോർച്ചുഗീസ് അധിനിവേശത്തിനെതിരെ കുഞ്ഞാലി മരയ്ക്കാർ നടത്തിയ പോരാട്ടങ്ങളെപ്പറ്റി വിവരിക്കുക.
9. ഉദയം പേരൂർ സുനഹദോസ്, കൂനൻ കുരിശുകലാപം എന്നിവയുടെ ചരിത്ര-സാംസ്കാരിക പ്രാധാന്യത്തെപ്പറ്റി വിവരിക്കുക.
10. മലയാളഭാഷയുടെ വികാസ പരിണാമത്തെപ്പറ്റി ചർച്ച ചെയ്യുക.
11. കേരളീയ രംഗകലകളെപ്പറ്റി കുറിപ്പെഴുതുക.



12. കേരളത്തിന്റെ പ്രാചീനകാല വൈദേശികബന്ധങ്ങളെക്കുറിച്ചും അതിന്റെ സാംസ്കാരികസ്വാധീനതകളെക്കുറിച്ചും വിശദമാക്കുക.
13. രണ്ടുജ്ഞാനപദ്ധതികൾ എന്ന നിലയിൽ ചരിത്രത്തെയും സാംസ്കാരികചരിത്രത്തെയും പരിചയപ്പെടുത്തുക,

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സംഘകാലത്തെ സാമൂഹ്യ-സാംസ്കാരിക ജീവിതത്തെയും അതിന്റെ പിൽക്കാലതുടർച്ചകളെയും പറ്റി വിവരിക്കുക.

15 കേരളത്തിലെ ബ്രിട്ടീഷ് അധിനിവേശത്തെ ചരിത്രപരമായും സാംസ്കാരികമായും വിലയിരുത്തുക.

16 കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തെയും അതിന്റെ വർത്തമാനകാല തുടർച്ചകളെയും വിമർശനാത്മകമായി വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU CHS 4104

**എം. എ. മലയാളം**

**(സംസ്കാരപൈതൃകം)**

# നോവലും ചെറുകഥയും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. റിയലിസം എന്നാലെന്ത്?
2. മലയാളനോവൽസാഹിത്യചരിത്രം, മലയാളചെറുകഥാസാഹിത്യചരിത്രം - രചയിതാക്കളാര്?
3. ചെറുകഥയുടെ ഘടകങ്ങൾ എന്തെല്ലാം?
4. അഗ്നിസാക്ഷിയിലെ നായികയുടെ പരിണാമം അടയാളപ്പെടുത്തുക.
5. മാധ്യമങ്ങളെ പ്രമേയമാക്കിയ പ്രധാനപ്പെട്ട മലയാള ചെറുകഥകൾ ഏതെല്ലാം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മലയാളത്തിൽ ചെറുകഥ രൂപപ്പെടാനിടയായ സാഹചര്യം എന്ത്? വിശദീകരിക്കുക.
7. 'രണ്ടിടങ്ങഴി'യെ സമകാലികഭാവുകത്വപരിസരത്തുനിന്ന് വിമർശനാത്മകമായി അപഗ്രഥിക്കുക.
8. 'ചെറുകഥയുടെ സുവർണ്ണയുഗം' എന്ന് വിശേഷിപ്പിക്കപ്പെട്ടത് ഏതു കാലഘട്ടത്തെ? എന്തുകൊണ്ട്?
9. 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' കൊളോണിയൽ ശക്തികളോട് ഉണ്ടായിരുന്ന മാനസികദാസ്യത്തെയും അതിൽ നിന്നുള്ള മുക്തിയെയും ചരിത്രപരമായി അടയാളപ്പെടുത്തുന്നുണ്ടോ? പരിശോധിക്കുക.



10. 'ഇത്ര ബുദ്ധിശക്തിയുള്ള ഒരു കുട്ടിയെ ഞാൻ കണ്ടിട്ടില്ല. പക്ഷെ അത് വെറുതെ പോകാനാണ് വിധി' ഈ അഭിപ്രായപ്രകടനത്തിന്റെ പശ്ചാത്തലവും രാഷ്ട്രീയവും പരിശോധിക്കുക.
11. നീതിനിഷേധത്തിന്റെ പ്രതീകമായി ആനന്ദ് അവതരിപ്പിക്കുന്ന ഗോവർദ്ധന് പിന്നീടുണ്ടാവുന്ന പരിണാമമെന്ത്?
12. 'കോലാടി'ൽ നിന്നും 'അച്ചാമ്മ'യിലെത്തുമ്പോൾ മലയാള ചെറുകഥയിൽ സംഭവിക്കുന്ന ആഖ്യാനപരിണാമമെന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഉത്തരാധുനികമലയാളചെറുകഥകളുടെ സവിശേഷതകൾ സോദാഹരണം ചർച്ച ചെയ്യുക.
15. 'യാഥാർത്ഥ്യവും പ്രതിനിധാനവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യെ വിലയിരുത്തുക.
16. കഥാകാരികൾ സ്ത്രീജീവിതങ്ങളെ ആഖ്യാനം ചെയ്യുന്നതിന്റെ വൈവിധ്യങ്ങൾ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU CHS 4105

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# ഹസ്തലിഖിതവിജ്ഞാനീയം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഹസ്തലിഖിതവിജ്ഞാനീയം എന്തെന്ന് വ്യക്തമാക്കുക?
2. പാഠവിമർശനം എന്നാൽ എന്ത്?
3. പുഷ്പിക എന്നാൽ എന്ത്?
4. ഭൂർജ്ജപത്രം എന്തെന്ന് വ്യക്തമാക്കുക.
5. പുരാവസ്ത്വങ്കനം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഹസ്തലിഖിതങ്ങൾ തയ്യാറാക്കുമ്പോൾ പകർപ്പെഴുത്തുകാർ സ്വീകരിക്കുന്ന രചനാരീതികൾ വിശദമാക്കുക.
7. കേരളത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ഏതെങ്കിലും സവിശേഷ ഹസ്തലിഖിതത്തെ പരിചയപ്പെടുത്തി അതിന്റെ സാംസ്കാരിക പ്രാധാന്യം വിശദമാക്കുക.
8. ഭാരതത്തിലെ ഏതെങ്കിലും ഒരു ഹസ്തലിഖിത ഗ്രന്ഥാലയത്തെ പരിചയപ്പെടുത്തി, ഹസ്തലിഖിതവിജ്ഞാനീയത്തിന്റെ മേഖലയിൽ ആസ്ഥാപനത്തിന്റെ സ്ഥാനമെന്തെന്ന് വിലയിരുത്തുക.
9. ഹസ്തലിഖിതവിജ്ഞാനീയം സംസ്കാരപൈതൃക പഠനത്തിൽ പ്രസക്തമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.



10. ശിലാശാസനങ്ങളെ ഹസ്തലിഖിവിജ്ഞാനീയത്തിന്റെ പഠനപരിധിയിൽ ഉൾപ്പെടുത്താമോ? ചർച്ച ചെയ്യുക.
11. ഹസ്തലിഖിതങ്ങൾ ജീർണ്ണിക്കാതെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമാക്കുക.
12. ഹസ്തലിഖിത പഠനത്തിൽ കാറ്റലോഗുകൾക്കുള്ള സ്ഥാനം വിലയിരുത്തുക.
13. ഹസ്തലിഖിതങ്ങളിൽ കാണപ്പെടുന്ന സംഖ്യാസമ്പ്രദായങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാരത്തിലെ പ്രാചീന എഴുത്തുസാമഗ്രികളെയും അവയുടെ പ്രാധാന്യത്തെയും വിശദമാക്കുക.
15. പാഠവിമർശന ഘട്ടങ്ങൾ പരിചയപ്പെടുത്തി പാഠവിമർശനം ഭാഷാ – സാഹിത്യ പഠനങ്ങൾക്ക് സഹായകമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.
16. നന്നാദി, വട്ടെഴുത്ത് സംഖ്യാസമ്പ്രദായങ്ങൾ പരിചയപ്പെടുത്തുക 1 – 100 വരെ അക്കങ്ങൾ ഈ സംഖ്യാസമ്പ്രദായത്തിൽ എഴുതുക.

******

16. സ്വാതന്ത്ര്യനിഷേധത്തിനും അടിച്ചമർത്തലിനും എതിരെയുള്ള രാഷ്ട്രീയപ്രതിരോധം എന്ന നിലയിൽ കൃഷ്ണാഷ്ടമി, നാവുമരം എന്നീ കവിതകളുടെ ആഖ്യാനസവിശേഷതകൾ വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU CHSC 4201

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# മലയാളകവിത: ആധുനികവും ആധുനികാനന്തരവും

സമയം: 3 മണിക്കൂർ　　　　　　　　　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. *"കരണ്ടിടുന്നു കരപത്രമെന്നപോൽ"* -ഈ പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. *"കാൺക ഹ! ഹ! ബന്ധവൈഭവം!"* എന്ന് കവി അത്ഭുതം കൂറാൻ കാരണമെന്ത്?
3. *"തന്റേതിന്നലെവരെയാ സ്വർഗം"* എന്ന വരിയിൽ തെളിയുന്ന വ്യത്യസ്തങ്ങളായ വിവക്ഷകൾ എന്തെല്ലാം?
4. കളിയച്ഛൻ എന്ന കവിതയുടെ ഉപശീർഷകം എന്ത്?
5. കാണുന്നീലോരക്ഷരവും എന്ന കാവ്യശീർഷകത്തിന് നവോത്ഥാനസാഹിത്യത്തിലെ ഏതു കവിയോടാണ് കടപ്പാടുള്ളത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'മലയവിലാസ'ത്തെ കാല്പനികപൂർവം (പ്രീ റൊമാന്റിക്) എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?
7. 'ഒരു വിലാപ'ത്തിലെ പ്രകൃതിവർണ്ണന ആ കൃതിയുടെ ഭാവപ്രപഞ്ചവുമായി എങ്ങനെ ഒത്തുപോകുന്നു എന്നു വിലയിരുത്തുക.
8. ജാതി എന്ന സാമൂഹികസ്ഥാപനത്തിന്റെ മനുഷ്യവിരുദ്ധത 'ജാതിക്കുമ്മി'യിൽ ആവിഷ്ക്കരിക്കപ്പെടുന്നത് എങ്ങനെ?



9. 'മനസ്വിനി'യിലെ "ലഹരി പിടിക്കും വേദന" എന്ന പ്രയോഗത്തിന്റെ സ്വാരസ്യം വിശദമാക്കുക.
10. "രോഗവും മരണഭീതിയും സൃഷ്ടിച്ച സംഭ്രമത്തിൽനിന്നും നിർവൃതിസമാനമായ ശാന്തിയിലേക്കുള്ള യാത്രയാണ് സഫലമീയാത്രയുടെ പ്രമേയം" -ചർച്ച ചെയ്യുക.
11. 'കാട്ടാളനി'ൽ ആവിഷ്ക്കരിക്കപ്പെടുന്ന സാമൂഹിക പ്രതിരോധത്തെക്കുറിച്ച് വിവരിക്കുക.
12. 'പെങ്ങളുടെ ബൈബിൾ' എന്ന കവിതയിൽ ഏതെങ്കിലും തരത്തിലുള്ള ഉപഹാസം ദൃശ്യമാകുന്നുണ്ടോ? സ്വാഭിപ്രായം അവതരിപ്പിക്കുക.
13. സ്ത്രീജീവിതത്തിന്റെ സൂക്ഷ്മമായ ചിത്രീകരണം മുറ്റമടിക്കുമ്പോൾ എന്ന കവിതയിൽ ദൃശ്യമാവുന്നതെങ്ങനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലയാള കവിതയിൽ സംഭവിച്ച ഭാവുകത്വപരിണാമം കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കാവ്യസംഭാവനകളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.
15. ആധുനികാനന്തര മലയാളകവിതയുടെ പൊതുസവിശേഷതകൾ സംഗ്രഹിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU CHSC 4202

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# സംസ്കാരപൈതൃകപഠനം -ചരിത്രവും സിദ്ധാന്തവും

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. നരവംശശാസ്ത്രം നിർവചനം എഴുതുക.
2. 'ലിംഗപദവി' എന്ന പദത്തിന്റെ വിവക്ഷ എന്ത്?
3. സംസ്കാരം എന്നാൽ എന്ത്?
4. പൈതൃകം എന്ന പദത്തിന്റെ അർത്ഥഭേദം വിശദമാക്കുക.
5. പൈതൃക വ്യവസായം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ലിപിവിജ്ഞാനീയം, കൈയെഴുത്ത് വിജ്ഞാനീയം –നിർവചനം എഴുതുക.
7. സാമൂഹ്യപഠനമെന്ന നിലയിൽ പൈതൃകപഠനത്തിന്റെ സാധ്യതകൾ വിശദമാക്കുക.
8. സംസ്കാരശൃംഖല –കുറിപ്പെഴുതുക.
9. പൈതൃകപഠനത്തിലെ ജനപ്രിയ വ്യവഹാരങ്ങളെക്കുറിച്ച് വിവരിക്കുക.
10. പൈതൃകപഠനവുമായി ബന്ധപ്പെട്ട ജ്ഞാനശാസ്ത്ര വിച്ഛേദങ്ങളെക്കുറിച്ച് വ്യക്തമാക്കുക.
11. സംസ്കാരപൈതൃകപഠനം എന്ന വിജ്ഞാനപദ്ധതിയുടെ ചരിത്രം, സിദ്ധാന്തം ഇവ വിശദമാക്കുക.



12. പൈതൃകപഠനത്തിലെ പുത്തൻപുതുമകളെപ്പറ്റി വിവരിക്കുക.
13. പാഠസംശോധനം എന്നാൽ എന്ത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സംസ്കാരപഠനം ഒരു രീതിശാസ്ത്രമെന്ന നിലയിൽ സാധ്യതകളെക്കുറിച്ച് ചർച്ചചെയ്യുക.
15. വൈജ്ഞാനിക സമൂഹത്തിൽ സംസ്കാരിക പൈതൃകപഠനത്തിനുള്ള സ്ഥാനം വിശദമാക്കുക.
16. ചരിത്രവും സംസ്കാരംപൈതൃകവും പൈതൃകപഠനവുമായി ഏതുവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു? വിശദമാക്കുക.

******

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാഹിത്യരചനയെ സാമൂഹികോന്മുഖമായ വീക്ഷണത്തിലൂടെ വിശകലനം ചെയ്യാനുള്ള ശ്രമങ്ങൾ ആധുനിക മലയാള വിമർശനത്തിൽ ശക്തിപ്പെട്ടതെങ്ങനെ? ഇ. എം. എസ്. ശങ്കുണ്ണിനായർ, എം. എൻ. വിജയൻ തുടങ്ങിയവരുടെ നിരൂപണങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

15. മലയാളത്തിലെ ആദ്യകാല സൗന്ദര്യനിഷ്ഠനിരൂപണങ്ങളുടെ തുടർച്ച, എം. ലീലാവതി, ബി. രാജീവൻ, വി.സി. ശ്രീജൻ തുടങ്ങിയവരുടെ നിരൂപണശൈലിയിൽ പ്രകടമാകുന്നതിന്റെ സവിശേഷതകൾ വിവരിക്കുക.

16. ആധുനികാനന്തര മലയാള വിമർശനത്തിലെ സ്ത്രീവാദ വിമർശനത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU CHSC 4203

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# മലയാള സാഹിത്യവിമർശനം

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സാക്ഷരതയാർജിക്കുന്നതിനു മുമ്പുള്ള ഗ്രീക്ക് സംസ്കാരത്തെക്കുറിച്ച് ഹെറിക് ഹേവലക്കിനുള്ള നിരീക്ഷണങ്ങളെന്തെല്ലാം?
2. ആത്മപ്രതീതമായ സൗന്ദര്യത്തെ എം. പി. പോൾ നിർവചിക്കുന്നതെങ്ങനെ?
3. ഡോ. എം. ലീലാവതി, 'കുതിരയുടെ കൊമ്പുകൾ' എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ?
4. 'നളിനി' കാവ്യത്തിൽ എ. ആർ. ദർശിക്കുന്ന നവീനതകൾ എന്തെല്ലാം?
5. 'വീണപൂവിൽ' ഉൾക്കൊണ്ട നിഷേധത്തിന്റെ ദുരന്ത കഥ എന്താണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വിരുദ്ധയും ബിംബങ്ങളിലൂടെ സംമ്പയത്തിലൂടെ, വ്യക്തിപരവും സാമൂഹികവുമായ സന്നിഗ്ധതകളെ ആവിഷ്കരിക്കുന്ന കവിതയാണ് 'കണ്ണീർപ്പാടം' എം. പി. ശങ്കുണ്ണിനായരുടെ നിരീക്ഷണങ്ങൾ സമാഹരിക്കുക.
7. 'മാമ്പഴം' എന്ന കവിതയിലെ മനശാസ്ത്രപരമായ അംശങ്ങളെ എം. എൻ. വിജയൻ കണ്ടെത്തുന്നതെങ്ങനെ?



8. 'ഖസാക്കിന്റെ ശിൽപം ബഹുസ്വരതയുടേതാണ്' ഈ നിരീക്ഷണം സ്ഥാപിക്കാൻ ഇ.വി. രാമകൃഷ്ണൻ നിരത്തുന്ന വസ്തുകൾ എന്തെല്ലാം
9. സാഹിത്യനിരൂപണത്തിലെ നിഷ്പക്ഷത' എന്ന പ്രശ്നത്തെ കുട്ടികൃഷ്ണമാരാർ വിശകലനം ചെയ്യുന്നതെങ്ങനെ?
10. കലയും വ്യക്തിസ്വാതന്ത്ര്യവും തമ്മിലുള്ള പ്രശ്നങ്ങളിൽ ഇ. എം. എസ്. നടത്തുന്ന പ്രതികരണങ്ങളെ വിശകലനം ചെയ്യുക.
11. 'സരസ്വതീവിജയം' നിശബ്ദമാക്കപ്പെടുകയും 'ഇന്ദുലേഖ' ആഘോഷിക്കപ്പെടുകയും ചെയ്തതിനു പിന്നിലുള്ള സാമൂഹിക ഘടകങ്ങൾ എന്തെല്ലാം?
12. 'പാരിസ്ഥിതിക സ്ത്രീവാദം' എന്ന സങ്കൽപത്തെ വിശദീകരിച്ച് മലയാളത്തിലെ ഏതെങ്കിലുമൊരു ചെറുകഥയിൽ ആ ആശയം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് പരിശോധിക്കുക.
13. 'ഹിഗ്വിറ്റ' സമകാലികമായ സാമാന്യബോധത്തിൽ നിന്ന് വലിച്ചു ചീന്തിയ ഒരേടാണ്. വക്കിൽ പ്രത്യയ ശാസ്ത്രം പൊടിഞ്ഞിരിക്കുന്നു' വി. സി. ശ്രീജന്റെ ഈ പ്രസ്താവനയെ വിപുലമാക്കുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU CHSC 4204

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

## മ്യൂസിയവിജ്ഞാനീയം

സമയം: **3** മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സ്റ്റോറി ബോർഡിന്റെ ലക്ഷ്യമെന്ത്?
2. IGRMSന്റെ പൂർണ്ണരൂപം എന്ത്?
3. സൈറ്റ് മ്യൂസിയം എന്താണ്?
4. എന്താണ് വംശീയ മ്യൂസിയം?
5. പാഠഖനനം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മ്യൂസിയവസ്തുക്കളുടെ സ്വീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
7. കലാമ്യൂസിയങ്ങളിൽ ഇലക്ട്രോണിക് സംവിധാനങ്ങൾ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താം – വിവരിക്കുക.
8. വിവിധതരം മ്യൂസിയങ്ങളെ കുറിച്ച് വിവരിക്കുക.
9. പാരിസ്ഥിതിക വിഷയങ്ങൾ ഒരു മ്യൂസിയത്തിന്റെ ശരിയായ സംരക്ഷണത്തെ ബാധിക്കും. ഈ വസ്തുത പരിശോധിക്കുക.
10. മ്യൂസിയം ഒരു നാടിന്റെ സാംസ്കാരിക സമ്പത്താണ് വിലയിരുത്തുക?



11. മ്യൂസിയം വാസ്തുശാസ്ത്രത്തിന്റെ പ്രാധാന്യം വിശദമാക്കുക.
12. ഒരു മ്യൂസിയം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട അടിസ്ഥാന ധർമ്മങ്ങളും നീതിബോധവും ചർച്ച ചെയ്യുക.
13. ഒരു വ്യാഖ്യാനകേന്ദ്രമെന്ന നിലയിൽ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മ്യൂസിയങ്ങളും മ്യൂസിയ സംസ്കാരവും ഇന്ത്യയിലെ പ്രധാനപ്പെട്ട മ്യൂസിയങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.
15. നവ മ്യൂസിയ വിജ്ഞാനീയം മ്യൂസിയ സങ്കൽപനത്തിലുണ്ടാക്കിയ മാറ്റങ്ങൾ വിശദീകരിക്കുക?
16. വിവിധ മ്യൂസിയം സംഘടനകളേയും അവയുടെ പ്രവർത്തനങ്ങളേയും കുറിച്ച് വിശദമാക്കുക?

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU CHSC 4205

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

**ഭാഷാശാസ്ത്രവും ഭാഷാസൂത്രണവും**

സമയം: **3** മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കമ്പ്യൂട്ടേഷനൽ ലിംഗ്വിസ്റ്റിക്സ് എന്തെന്ന് വ്യക്തമാക്കുക.
2. ഭാഷ അഭ്യസ്തവൃത്തിയാണെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്ത്?
3. രൂപിമം എന്തെന്ന് നിർവ്വചിക്കുക.
4. പ്രാഗ് സ്കൂൾ – കുറിപ്പെഴുതുക.
5. 'മലയാളമഹാനിഘണ്ടു' എന്തെന്ന് പരിചയപ്പെടുത്തുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ശിശുഭാഷയുടെ ക്രമികമായ വികാസമാണ് മുതിർന്നവരുടെ ഭാഷ' പരിശോധിക്കുക.
7. വിവിധതരം നിഘണ്ടുക്കളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.
8. ഭാരതം ഒരു ഭാഷാക്ഷേത്രമാണെന്ന് പറയുന്നതിന്റെ ഔചിത്യമെന്ത്?
9. പ്രാഗ്ഭാഷയെ കണ്ടെത്തുന്നതിനുള്ള ഉപാധികൾ എന്ന നിലയിൽ ആന്തരപുനഃസൃഷ്ടിയുടേയും ബാഹ്യപുനഃസൃഷ്ടിയുടേയും പ്രാധാന്യമെന്ത്?



10. ശൈലീവിജ്ഞാനത്തിന്റെ അടിസ്ഥാനതത്വങ്ങളും പ്രയോഗപദ്ധതികളും വിശകലനം ചെയ്യുക.
11. പ്രധാനപ്പെട്ട ഭാഷാപഗ്രഥനരീതികൾ വിവരിക്കുക.
12. ഘടനവാദവുമായി ബന്ധപ്പെട്ട് സൊസ്യൂർ അവതരിപ്പിച്ച ചിന്തകളെ വിശദമാക്കുക.
13. ഭാഷാഭേദഭൂപടം തയ്യാറാക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സ്വനവിജ്ഞാനത്തിന്റെ പഠനലക്ഷ്യം, പഠനമേഖലകൾ, പഠനരീതികൾ എന്നിവയെക്കുറിച്ച് വിവരിക്കുക.
15. സാമൂഹികഭാഷാശാസ്ത്രപഠനങ്ങൾ സംസ്ക്കാരപഠനവുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പരിശോധിക്കുക.
16. തിര്യക്കുകളുടെ ഭാഷയിൽ നിന്നും മനുഷ്യഭാഷയെ വ്യാവർത്തിപ്പിക്കുന്ന പ്രധാന സവിശേഷതകളെന്തെല്ലാമെന്ന് വിശദമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CHS-C 4301

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# ഗദ്യസാഹിത്യം

സമയം: 3 മണിക്കൂർ | മാർക്ക് : 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഭാഷാ കൗടലീയം
2. നമ്പ്യാൻ തമിഴ്
3. ധന്വന്തരി മാസിക
4. ജീവിച്ചിരിക്കുന്ന ഭാര്യ മൺമറഞ്ഞുപോയ ഭർത്താവിന് അർപ്പിക്കുന്ന ഉപഹാരം എന്ന് വിശേഷിപ്പിക്കപ്പെട്ട ഒരു കൃതി ഏത്?
5. അച്ചടിയും ആധുനിക ഗദ്യവും

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ആട്ടപ്രകാരങ്ങളിലും ക്രമദീപികകളിലും പ്രകടമാകുന്ന മദ്ധ്യകാല ഗദ്യത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
7. ഉദയംപേരൂർ സുന്നഹദോസിലെ ഭാഷാസവിശേഷതകൾ പാഠ്യഭാഗത്തെ മുൻനിർത്തി വിശദമാക്കുക.
8. സമകാലഗദ്യത്തിന്റെ ചാരുതകൾ ഭൗമചാപത്തിൽ എത്രത്തോളം തെളിയുന്നുണ്ട്? പരിശോധിക്കുക.
9. വൈജ്ഞാനിക വിനിമയത്തിൽ മലയാളഭാഷ നേരിടുന്ന വെല്ലുവിളികളെന്തെല്ലാം? അതിനെ അതിജീവിക്കാനുള്ള ശ്രമങ്ങൾ എന്തെല്ലാം? സമകാല വൈജ്ഞാനിക സാഹിത്യത്തെ മുൻനിർത്തി പരിശോധിക്കുക.



10. എഴുത്തുകാരന്റെ ആത്മഭാവങ്ങളാൽ സുഗന്ധപൂർണമായ രചനയാണ് വർത്തമാനപ്പുസ്തകം. വിമർശനബുദ്ധ്യാ പരിശോധിക്കുക.
11. രമ്യോപന്യാസശാഖയിൽ 'നാട്ടെഴുത്തശ്ശന്മാർ'ക്കുള്ള ഇടം പരിശോധിക്കുക.
12. മലയാളം ബ്ലോഗ് രചനകളെപ്പറ്റി ലഘുവായി ഉപന്യസിക്കുക.
13. ഹിമവാന്റെ മുകൾത്തട്ടിൽ - നിരൂപണം എഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കൊല്ലവർഷാരംഭത്തിലെ ഭാഷയുടെ സവിശേഷതകൾ വാഴപ്പള്ളി ശാസനത്തെ മുൻനിർത്തി വിശദമാക്കുക.
15. മലയാളത്തിലെ മികച്ച ഓർമ്മപ്പുസ്തകങ്ങളിലൊന്നായി 'ഇവനെന്റെ പ്രിയ സി.ജെ' വിശേഷിപ്പിക്കപ്പെടുന്നതിന്റെ യുക്തിയെന്ത്? ചർച്ച ചെയ്യുക.
16. 'മലയാളത്തിൽ ഗദ്യമെന്നു പറയാവുന്ന ഗദ്യം മിഷണറിമാരുടെ സംഭാവനയാണ്' - ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CHS-C 4302

## എം. എ. മലയാളം (സംസ്കാരപൈതൃകം)

# സാഹിത്യസിദ്ധാന്തങ്ങൾ

സമയം: **3** മണിക്കൂർ                മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. അപനിർമ്മാണം
2. ഭാവയിത്രി പ്രതിഭ
3. ഐന്തിണകൾ
4. കഥാർസിസ്
5. കർത്താവിന്റെ മരണം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. രസസൂത്രം വിശദീകരിക്കുക.
7. കാവ്യപ്രയോജനം, കാവ്യഹേതുക്കൾ എന്നിവയെപ്പറ്റിയുള്ള ഭാരതീയ ചിന്തകൾ സംഗ്രഹിക്കുക.
8. കാല്പനിക കാവ്യസിദ്ധാന്തങ്ങളുടെ പ്രസക്തിയും പരിമിതിയും പരിശോധിക്കുക.
9. വക്രോക്തി സിദ്ധാന്തത്തിന്റെ സമകാലിക പ്രസക്തിയെന്ത്?
10. ഭാഷാസാഹിത്യപഠനങ്ങളിൽ ഘടനാവാദം ചെലുത്തിയ സ്വാധീനത്തെപ്പറ്റി ഉപന്യസിക്കുക.
11. 'കാവ്യസ്വാത്മാ ധ്വനി' - വിശദീകരിക്കുക.
12. റഷ്യൻ ഫോർമലിസത്തിനും ആംഗ്ലോ-അമേരിക്കൻ ന്യൂ-ക്രിട്ടിസിസത്തിനും തമ്മിലുള്ള സമാനതകൾ എന്തെല്ലാം?



13. ദുരന്തനാടകത്തെപ്പറ്റിയുള്ള അരിസ്റ്റോട്ടിലിന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. രസം, ധ്വനി, രീതി, അലങ്കാരം എന്നീ സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തി അവയുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.
15. ഫ്രോയിഡിയൻ മനഃശാസ്ത്രം സാഹിത്യനിരൂപണത്തിലുണ്ടാക്കിയ സ്വാധീനത്തെ പിൽക്കാല മനഃശാസ്ത്ര വിമർശനത്തിന്റെ വെളിച്ചത്തിൽ വിമർശനാത്മകമായി അപഗ്രഥിക്കുക.
16. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തെപ്പറ്റി ഉപന്യസിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CHS-C 4303

## എം. എ. മലയാളം (സംസ്കാരപൈതൃകം)

## വ്യാകരണവും ഭാഷാചരിത്രവും

സമയം: 3 മണിക്കൂർ                                        മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ശബ്ദം
2. സന്ധി
3. സന്ധ്യക്ഷരം
4. വർണവികാരം
5. കൂന്തൽവാദം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി' - വ്യാഖ്യാനിക്കുക.
7. വർണങ്ങൾക്ക് ശ്രുതിഭേദം സംഭവിക്കുന്നതെങ്ങനെ? വിവരിക്കുക.
8. ആഗമസന്ധി സോദാഹരണം വിവരിക്കുക.
9. തദ്ധിതം എന്നാലെന്ത്? സോദാഹരണം വിവരിക്കുക.
10. സംവൃതോകാരം ഒരു സ്വതന്ത്രസ്വരമോ? പരിശോധിക്കുക.
11. നാമാദിയാം വിഭാഗത്തിനെല്ലാമർത്ഥം നിയാമകം- വ്യാഖ്യാനിക്കുക.
12. കേരളപാണിനീയത്തിനുമുമ്പുണ്ടായ മലയാളവ്യാകരണ കൃതികൾ ഏവ?



13. സമാസം കേരളപാണിനീയത്തിൽ - പരിശോധിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളപാണിനിയുടെ ആറ് നയങ്ങൾ - വിമർശനബുദ്ധ്യാ പരിശോധിക്കുക.
15. മലയാളം എന്ന പദത്തിന്റെ നിഷ്പത്തി വിമർശനാത്മകം പരിശോധിക്കുക.
16. ശബ്ദവിഭജനം സോദാഹരണം വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU CHS E 01

## എം. എ. മലയാളം (സംസ്കാരപൈതൃകം)

# ഫോക്‌ലോർ

സമയം: **3** മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. റിച്ചാർഡ് ബോമാന്റെ ഫോക്‌ലോർ നിർവചനം.
2. ഫോക്കിഷ് സ്റ്റേറ്റ്
3. വർഗീകരണത്തിലെ ദേശീവിഭാഗം
4. കണ്യാർകളി
5. വാൾട്ടർ ജെ. ഓങ്ങ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. അലൻ ഡന്റസിന്റെ നിർവചനം ഫോക്‌ലോർ പഠന മേഖലയെ പുതുക്കിപ്പണിതതെങ്ങനെ?
7. ഫോക്‌ലോറിലെ പ്രത്യയശാസ്ത്ര സ്കൂൾ എന്ന നിലയിൽ റഷ്യൻ സ്കൂളിനെ പരിചയപ്പെടുത്തുക.
8. വീരകഥാഗാന പാരമ്പര്യമെന്ന നിലയിൽ വടക്കൻ പാട്ടിനെപ്പറ്റി വിവരിക്കുക.
9. ഐതിഹ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
10. മുടിയേറ്റിനെ മുൻനിർത്തി അനുഷ്ഠാനകലകളുടെ സവിശേഷതകൾ വിവരിക്കുക.
11. ആഗോളവിപണി നാടോടി ഭൗതിക സംസ്കാരത്തിൽ വരുത്തുന്ന മാറ്റങ്ങളെ കേരളത്തിലെ അടുക്കള ഉപകരണങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക?
12. പ്രാഥമിക വാമൊഴി വഴക്കത്തിൽനിന്ന് ദ്വിതീയ വാമൊഴി വഴക്കത്തിലേക്കുള്ള പരിണാമത്തെ കേരളീയ ഉദാഹരണങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.




13. മലയാള സിനിമയിലെ ഫോക്‌ലോർ ആവിഷ്കാരത്തെ വിമർശനാത്മകമായി പരിശോധിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഫോക്‌ലോർ രൂപത്തിനു സംഭവിക്കുന്ന പരിണാമത്തെ കേരളീയമായ ഉദാഹരണങ്ങളെ മുൻനിർത്തി വിവരിക്കുക.
15. നാടോടിക്കഥകളുടെ സവിശേഷതകൾ വിവരിക്കുകയും കഥകളുടെ വർഗീകരണത്തിനകത്ത് മലയാള കഥാപാരമ്പര്യങ്ങളെ സ്ഥാനപ്പെടുത്തുകയും ചെയ്യുക.
16. മലയാള സാഹിത്യത്തിലെ ഫോക്‌ലോറിന്റെ സ്വാധീനതകളെപ്പറ്റി വിവരിക്കുക.

******

16. മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്യുക.



തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUCHS OE 01

## എം. എ. മലയാളം (സംസ്കാരപൈതൃകം)

## പ്രാചീന ലിപി പരിചയം - ബ്രാഹ്മി

സമയം: 3 മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പത്തായക്കെട്ട് എന്നാൽ എന്ത്?
2. 'ഖരോഷ്ഠി' ലിപിയുടെ പ്രത്യകതകൾ എന്തെല്ലാം?
3. 'ഹയറോഗ്ലിഫിക്സ്' എന്നാൽ എന്ത്?
4. 'മീൻ' എന്തെന്ന് വ്യക്തമാക്കുക.
5. 'ഏഷ്യാറ്റിക് സൊസൈറ്റി' - പരിചയപ്പെടുത്തുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ബ്രാഹ്മിയിലെ 'ക' വർഗ്ഗത്തിന്റെയും 'ച'വർഗ്ഗത്തിന്റെയും സ്വരസംയോഗം എഴുതുക.
7. കൂട്ടക്ഷരങ്ങൾ വരുന്ന പന്ത്രണ്ട് വാക്കുകൾ ബ്രാഹ്മിയിലെഴുതുക.
8. 'വട്ടെഴുത്ത്' - കുറിപ്പ് തയ്യാറാക്കുക.
9. ചൈനീസ് ലിപിയുടെ പ്രത്യേകതകൾ സംഗ്രഹിക്കുക.
10. സൈന്ധവ ലിപിയുടെ വായനാചരിത്രം സംഗ്രഹിക്കുക.
11. എഴുത്തിന്റെ ഭ്രൂണാവസ്ഥ എന്തെന്ന് വിശദമാക്കുക.
12. ബ്രാഹ്മിയിലെഴുതുക.

കനകച്ചിലങ്ക കിലുങ്ങി കിലുങ്ങി
കാഞ്ചന കാഞ്ചി കുലുങ്ങി കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി
കതിരുതിർ പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽ തങ്ങി



13. ബ്രാഹ്മിയിലെഴുതുക.

എ) സംസ്കാരപൈതൃക സ്കൂൾ
ബി) ബ്രാഹ്മി
സി) ദിഗ്ഗജം
ഡി) ഝംകാരം
ഇ) ഭൂർജ്ജപത്രം
എഫ്) ലുംമിനിഗാമേ
ജി) ബ്രഹ്മാണ്ഡപുരാണം
എച്ച്) പ്രദർശനം
ഐ) ഗ്രാമഫോൺ
ജെ) കുംഭമേള
കെ) ഖണ്ഡീരവൻ
എൽ) സലിലം

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ബ്രാഹ്മി അക്ഷരമാല എഴുതി പ്രത്യേകതകൾ വിശദമാക്കുക.
15. ഏതെങ്കിലും ഒരു ആഘോഷത്തെക്കുറിച്ച് ബ്രാഹ്മിയിലെഴുതുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലൈ - 2023**

# MU CHS 4401

**എം.എ. മലയാളം**

**(സംസ്കാരപൈതൃകം)**

# കേരളം: ദൃശ്യകലാസാഹിത്യം

സമയം: **3** മണിക്കൂർ　　　　　　　　　　മാർക്ക്: **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രവേശകം എന്നാലെന്ത്?
2. ഒപ്പനയിലെ പ്രധാനപ്പെട്ട ഇശൽഭേദങ്ങൾ ഏതെല്ലാം?
3. മലയാളനാടകചരിത്രത്തിൽ 'പാട്ടബാക്കി'യുടെ പ്രാധാന്യമെന്ത്?
4. മൊണ്ടാഷ് എന്നാലെന്ത്?
5. നങ്ങ്യാർകൂത്തിന്റെ പ്രമേയമെന്ത്?

**II** *ഏതെങ്കിലും ആറുചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. തെരുവുനാടകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
7. *"നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും*
*അമിത്രവീരന്മാരെ അമർക്കും വൻപടയും*
*ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും."*

   -സന്ദർഭവും ആശയവും വ്യക്തമാക്കുക.
8. *"കാട്ടിൽപ്പാർക്കുമെനിക്കുമിത്ര കഠിനം*
*സ്നേഹോദിതം കുണ്ഠിതം*
*നാട്ടിൽപ്പെട്ട ഗൃഹസ്ഥനെത്രയുളവാം*
*പുത്രീവിയോഗവ്യഥ!"*

   - ഈ ഭാവപാരവശ്യത്തിന്റെ സാരസ്യം വിശദമാക്കുക.
9. നിമ്മിയും സാലിയും തമ്മിലുള്ള സൗഹൃദത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.




10. നാടകാവതരണത്തിൽ തിരശ്ശീല ഒരുഅവശ്യ ഘടകമാണോ എന്ന് പരിശോധിക്കുക.
11. ഒരു നല്ല തിരക്കഥയ്ക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?
12. 'കല്യാണസൗഗന്ധികം' എന്ന കൃതിയുടെ പശ്ചാത്തലത്തിൽ കുഞ്ചൻ നമ്പ്യാരുടെ വർണ്ണനാവൈഭവം ചുരുക്കിവിവരിക്കുക.
13. ആധുനികകലയുടെ ആരംഭത്തെക്കുറിച്ച് വിജയകുമാർ മേനോന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

**III** *ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളകലകളിലെ ഫ്യൂച്ചറിസ്റ്റ് സ്വാധീനത്തെക്കുറിച്ചുള്ള കേസരിയുടെ നിരീക്ഷണങ്ങളെ വിമർശനദൃഷ്ട്യാ അവലോകനംചെയ്യുക.
15. 'ഇത് ഭൂമിയാണ്' -എന്ന നാടകത്തിൽ പ്രത്യക്ഷമാകുന്ന സാമൂഹികവിമർശനത്തെക്കുറിച്ച് ഉപന്യസിക്കുക.
16. തൊമ്മിയും പട്ടേലരും തമ്മിലുള്ള ബന്ധം വിധേയൻ എന്ന ചലച്ചിത്രത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

*****

16. മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്യുക.



******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUCHS E 06

**എം. എ. മലയാളം (സംസ്കാരപൈതൃകം)**

# പ്രാചീന ലിപി പരിചയം
# - ഗ്രന്ഥലിപി വട്ടെഴുത്ത്

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'തെക്കൻ മലയാളം' എന്നറിയപ്പെടുന്ന ലിപി ഏതാണ്? എന്തുകൊണ്ടാണ് ആ പേര് ലഭ്യമായത്?
2. ഗ്രന്ഥാക്ഷരത്തിന്റെ ആദ്യകാല രൂപം (Proto form) ഏതാണ്?
3. ഞ്ച, മ്പ, ന്ത, ങ്ക – എന്നീ അക്ഷരങ്ങൾ വട്ടെഴുത്തിൽ എഴുതുക.
4. എന്താണ് ക്യൂണിഫോം ലിപി?
5. ചിത്രലേഖനം (Pictograph) എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ക, ച, ട, ത, പ, മ എന്നീ അക്ഷരങ്ങളുടെ സ്വരസംയോഗം വട്ടെഴുത്തിൽ എഴുതുക.
7. ഒന്ന് മുതൽ ആറ് വരെയുള്ള അക്കങ്ങൾ ഗ്രന്ഥാക്ഷരത്തിൽ എഴുതുക.
8. 'ത' എന്ന അക്ഷരം വരുന്ന പന്ത്രണ്ട് വാക്കുകൾ വട്ടെഴുത്തിൽ എഴുതുക.
9. സുഭാഷിതം, സാഹിത്യശേഖരം, അർത്ഥശാസ്ത്രം, മാന്ത്രികലിഖിതങ്ങൾ, ഭട്ടിപ്രോളുലിപി, തിരശ്ചീനരേഖ ഈ വാക്കുകൾ ഗ്രന്ഥാക്ഷരത്തിൽ എഴുതുക.
10. പ്രാചീനലിപി പഠനത്തിന്റെ ആവശ്യകതയെ കുറിച്ച് ഒരു ലഘുപഠനം തയ്യാറാക്കുക.
11. ഗ്രന്ഥലിപിയും മലയാളലിപിയും താരതമ്യപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.



12. വട്ടെഴുത്തിൽ ലിപ്യന്തരണം ചെയ്യുക.

    "പത്തുമുപ്പറൈ വിത്തും കുത്തുനെൻ ഇടങ്കഴിയാൽ അമ്പത് നാഴി ഉപ്പും കാർത്തികൈഞായിറ്റകം ഇടക്കടവിയൻ"

13. ഗ്രന്ഥലിപിയിൽ ലിപ്യന്തരണം ചെയ്യുക.

    "മുഖം കരോതി വാചാലം പങ്കും ലംഘയതേഗിരിം യത്കൃപാതമഹം വന്ദേപരമാനന്ദ മാധവം"

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വട്ടെഴുത്ത് ലിപിയുടെ ഉത്ഭവ വികാസപരിണാമങ്ങളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.
15. വട്ടെഴുത്തിൽ ലിപ്യന്തരണം ചെയ്യുക.

<u>**തിരുവട്ടാർ ക്ഷേത്രരേഖ**</u>

, സ്വസ്തി ശ്രീ. കൊല്ലം 348–ാം മാണ്ടെക്കർക്കടകത്തിൽ വിയാഴന്നിന്റ മീന ഞായിറുപത്തുചെന്റ വിയാഴം അനുഴം ഇന്നാളാൽ വേണാട്ടു ഇളങ്കുറുവാണ്ണരുളുകിന്റ ശ്രീ വീര ഉതൈയ മാർത്താണ്ഡവർമ്മ തിരുവടി തിരുവട്ടാറ്റു പള്ളികൊണ്ടരുളിന്റ പെരുമാൾക്കു നിയതിപ്പടി മുട്ടാച്ചിലവു അരിചിക്കുങ്കുടുമൈ ആതിച്ചനുതൈയനന്നും തമ്പിമാർക്കും ഒള്ളനിലം ചെറിയ കടൈക്കുട്ടി വേറൈ നിലംതടി മൂന്റും മാവും മാത്തരൈ നിലം തടി ഒരു മാവും കൂട തടി രണ്ടു രണ്ടിനാൽനിലം നാലുമാമേലും ഒള്ള മൂന്റും മലാകൈയും അഴകച്ചു മുപ്പതിന്നും പൊലിയാൽ കോതൈ നല്ലൂർ കീഴ്ച്ചേരിത്തിരുക്കോയിക്കൽ കൊണ്ടുവന്നു ഉണക്കി......,

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലൈ - 2023**

# MUCHS E 13

## എം.എ. മലയാളം
## (സംസ്കാരപൈതൃകം)

# കേരളം:
# ഭക്ഷണം വസ്ത്രം സംസ്കാരപരിണാമം

സമയം: **3** മണിക്കൂർ | മാർക്ക്: **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഭാരതീയ രുചിപാരമ്പര്യത്തിലെ ആറു രസങ്ങൾ ഏതെല്ലാം?
2. സർവ്വാണിസദ്യ എന്നാലെന്ത്?
3. ഘോഷ എന്നാലെന്ത്?
4. നാരായണഗുരു ആദ്യമായി കാവിവസ്ത്രം ഉപയോഗിച്ച സന്ദർഭമേത്?
5. കോളനിആധുനികത എന്നാലെന്ത്?

**II** *ഏതെങ്കിലും ആറുചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ''ഭക്ഷണം ആയുധമാക്കി സാമൂഹികഘടനയെ അട്ടിമറിക്കുകയായിരുന്നു സഹോദരൻ അയ്യപ്പൻ.'' – മിശ്രഭോജനത്തെക്കുറിച്ചുള്ള ഈ നിഗമനത്തോട് പ്രതികരിക്കുക.
7. "കേരളീയരീതിയിലുള്ള വസ്ത്രധാരണം" –എന്ന സങ്കല്പത്തെ വിമർശനദൃഷ്ട്യാ പരിശോധിക്കുക.
8. ശരീരരാഷ്ട്രീയം (ബോഡി പൊളിറ്റിക്സ്) എന്നാലെന്തെന്ന് വിശദമാക്കുക.
9. മാറുമറയ്ക്കൽ പ്രക്ഷോഭത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക
10. വസ്ത്ര–ഫാഷൻ വിപണിയിൽ ഊഹമുതലാളിത്തം വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?



11. "ഏതുവിധത്തിലുള്ള വസ്ത്രം ധരിക്കണമെന്നത് ഒരാളുടെ വ്യക്തിസ്വാതന്ത്ര്യമാണ്.'' – ഈ അഭിപ്രായത്തിന്റെ സാധുത ചർച്ചചെയ്യുക.
12. അയ്യങ്കാളിയുടെ വേഷധാരണത്തെ ചിഹ്നപരമായി അപഗ്രഥിക്കുക.
13. വസ്ത്രത്തിലെ ലിംഗപദവിഭേദങ്ങൾ ആധുനിക കാലത്തും നിലനില്ക്കുന്നതെന്തുകൊണ്ട്?

**III** *ഏതെങ്കിലും രണ്ടുചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാംസ്കാരികമായ കൊടുക്കൽവാങ്ങലുകൾ കേരളത്തിന്റെ ഭക്ഷണസംസ്കാരത്തെ എങ്ങനെ യെല്ലാം സ്വാധീനിച്ചുവെന്ന് ഉപന്യസിക്കുക.
15. വസ്ത്രസംസ്കാരത്തിന്റെ കാര്യത്തിൽ ജന്മി–നാടുവാഴിവ്യവസ്ഥയിൽ നിന്നും ആധുനികകേരളം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് ഉപന്യസിക്കുക.
16. ശരീരത്തിന്റെ വസ്തുവൽക്കരണം എന്ന ആശയം പരിശോധിച്ചുകൊണ്ട് പരസ്യങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവ വസ്ത്രസംസ്കാരത്തിൽ ഇടപെടുന്നതെങ്ങനെ എന്ന് വിശദീകരിക്കുക.

*****